**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1494** **11/06/2019 ൽ മറുപടിക്ക്**

**മൊസാംബിക് തോട്ടണ്ടിയുടെ സ്പെസിഫിക്കേഷൻ**

| | ചോദ്യം<br>ശ്രീ. കെ. എസ് . ശബരീനാഥൻ | | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കാഷ്യൂ ബോർഡുവഴി എത്ര ടൺ മൊസാംബിക് ഒറിജിനൽ തോട്ടണ്ടിയാണ് 2018-19 കാലഘട്ടത്തിൽ വാങ്ങിയത് എന്നറിയിക്കാമോ; | (എ) | 3048.887 മെട്രിക് ടൺ മൊസാംബിക് ഒറിജിൻ തോട്ടണ്ടിയാണ് 2018-19 ൽ വാങ്ങിയത്. |
| (ബി) | കാഷ്യു ബോർഡ് പ്രസ്തുത തോട്ടണ്ടി വാങ്ങിയത് എപ്രകാരമാണ് ; അതിന് ഇ-ടെൻഡർ ക്ഷണിച്ചിരുന്നോ; | (ബി) | മൊസാംബിക്കിലെ പ്രാദേശിക ഭാഷാ പത്രങ്ങളിൽ പരസ്യം നൽകി ആഗോള മത്സര ടെണ്ടർ മുഖേനയാണ് വാങ്ങിയത്. ഇ-ടെണ്ടർ ക്ഷണിച്ചിരുന്നില്ല. |
| (സി) | തോട്ടണ്ടിയുടെ സ്പെസിഫിക്കേഷൻ എന്തൊക്കെയായിരുന്നു; എന്തുവിലയ്ക്കാണ് പ്രസ്തുത തോട്ടണ്ടി വാങ്ങിയത് ; | (സി) | തോട്ടണ്ടിയുടെ പ്രധാനപ്പെട്ട സ്പെസിഫിക്കേഷനുകൾ ഔട്ട്ടേൺ 46 lbs per 80 kg bag, നട്ട്കൗണ്ട് - 190 per kg ഫോറിൻ മാറ്റർ- 0% ഈർപ്പം- upto 10% എന്നിവയാണ്. ഒരു മെട്രിക് ടണ്ണിന് 1515 യു.എസ് ഡോളർ എന്ന നിരക്കിലാണ് വില നൽകിയത്. |
| (ഡി) | 2018-ലെ ക്രോപ്പ് ആണെന്നുള്ള സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നോ; വിശദാംശം നൽകുമോ? | (ഡി) | 2018 ലെ ക്രോപ്പ് ആണെന്ന് സർട്ടിഫൈ ചെയ്യുന്ന മൊസാംബിക് സർക്കാരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ ലഭ്യമാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ